REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-07-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **കാർഗിൽ വിജയ് ദിവസത്തിൽ ധീര സൈനികർക്ക് മൻ കി ബാതിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **പ്രതിരോധ മേഖലയിലെ ഉത്പാദനത്തിലും കയറ്റുമതിയിലും രാജ്യം തുടർച്ചയായി പുതിയ ഉയരങ്ങളിൽ എത്തുകയാണെന്നും പ്രധാനമന്ത്രി.**
- **എറണാകുളം സൗത്ത് ചിറ്റൂരിലെ സംസ്കൃതം ക്ലബിനെ മൻ കി ബാതിൽ പ്രധാനമന്ത്രി അഭിനന്ദിച്ചു.**
- **2026 ലെ പൊതു പരീക്ഷാ അന്യായ മാർഗ്ഗങ്ങൾ തടയൽ ഭേദഗതി ബിൽ ഗവൺമെന്റ് നാളെ ലോക്സഭയിൽ അവതരിപ്പിക്കും.**
- **പ്രിയദർശിനി ബസിൽ കയറുന്ന പുരുഷൻമാർക്ക് സൗജന്യ ടിക്കറ്റ് കൊടുത്താൽ KSRTC ജീവനക്കാർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് മന്ത്രി CP ജോൺ.**

## വാർത്തകൾ വിശദമായി

ഭാരതമാതാവിന്റെ സുരക്ഷയ്ക്കായി സർവ്വതും ത്യജിച്ച ധീര സൈനികർക്ക് കാർഗിൽ വിജയ് ദിവസത്തിൽ ശ്രദ്ധാഞ്ജലി അർപ്പിക്കുന്നതായി മൻ കി ബാതിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. മൻ കി ബാതിന്റെ 136-ാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഭാരതം അതിന്റെ വീരന്മാരെ സ്മരിക്കുക മാത്രമല്ല, അവരുടെ കഥകൾ പുതുതലമുറയ്ക്ക് കൈമാറുകയും ചെയ്യുന്നുണ്ടെന്ന് പറഞ്ഞ പ്രധാനമന്ത്രി, ജൂലൈ 14 ന് ഡൽഹിയിലെ നാഷണൽ വാർ മെമ്മോറിയലിൽ നിന്ന് ആരംഭിച്ച

മോട്ടോർ സൈക്കിൾ യാത്രയെ അനുസ്മരിച്ചു. "വൺ റൈഡ്, വൺ നേഷൻ, വൺ സല്യൂട്ട്" എന്ന സന്ദേശവുമായി സഞ്ചരിച്ച യാത്ര, സൈനികരുടെ ത്യാഗം ഓർമ്മപ്പെടുത്തുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

നാവികസേനയുടെ ഭാഗമായ 'INS മഹേന്ദ്രഗിരി ആത്മനിർഭർ' ഭാരതത്തിന്റെ വളരുന്ന ശക്തിയുടെ പ്രതീകമാണെന്നും നരേന്ദ്രമോദി മൻ കി ബാതിൽ അറിയിച്ചു. പ്രതിരോധ മേഖലയിലെ ഉത്പാദനത്തിലും കയറ്റുമതിയിലും രാജ്യം തുടർച്ചയായി പുതിയ ഉയരങ്ങളിൽ എത്തുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

ഇന്തോനേഷ്യയുമായി ബ്രഹ്മോസ്, അസ്ത്ര മിസൈലുകൾക്കായി കരാർ ഒപ്പിട്ടതായും പ്രധാനമന്ത്രി അറിയിച്ചു.

ജൂലൈ നാലിന് ആരംഭിച്ച 'ക്യാച് ദ റെയ്ൻ' പ്രചാരണം ബഹുജന പ്രസ്ഥാനമായി മാറിയതായും പ്രധാനമന്ത്രി പറഞ്ഞു. മധ്യപ്രദേശിലെ സീധി ജില്ലിയിൽ 1500 ലേറെ കുളങ്ങൾ നിർമ്മിച്ചതും ഒഡിഷയിലും ആന്ധ്രാപ്രദേശിലും 'ക്യാച് ദ റെയ്ൻ പദ്ധതിയ്ക്ക് ആവേശോജ്ജ്വല ഫലം കണ്ടതും മൻ കി ബാതിൽ പ്രധാനമന്ത്രി പ്രത്യേകം പരാമർശിച്ചു. ഓരോ തുള്ളി വെള്ളവും വരുംതലമുറയുടെ ഭാവിയിലെ ഏറ്റവും വലിയ സ്വത്താണെന്നും നരേന്ദ്രമോദി വ്യക്തമാക്കി.

.......PM വോയിസ് ....... 1

✪✪✪

ബാഡ്മിന്റണിൽ ജപ്പാൻ ഓപ്പൺ കിരീടം ആദ്യമായി നേടിയ ഇന്ത്യക്കാരി PV സിന്ധുവിനെ മൻ കി ബാതിൽ പ്രധാനമന്ത്രി അഭിനന്ദിച്ചു. ലോഡ്സിലെ ആദ്യ ടെസ്റ്റ് ക്രിക്കറ്റ് മത്സരത്തിൽ വിജയം നേടിയ ഇന്ത്യൻ വനിതാ ടീമിനെയും നരേന്ദ്രമോദി അനുമോദിച്ചു

......PM വോയ്സ്........ 2

✪✪✪

എറണാകുളം സൗത്ത് ചിറ്റൂരിലെ സംസ്കൃതം ക്ലബ് മൻ കി ബാതിൽ പരാമർശ വിധേയമായി. സംസ്കൃത അക്ഷരങ്ങളെ ഫുട്ബോളിൽ ഉപയോഗിക്കുന്ന വാക്കുകളുമായി ബന്ധിപ്പിച്ച് ലളിതമായി വിശദീകരിച്ച സ്കൂളിലെ അധ്യാപകൻ അഭിലാഷ്, സംസ്കൃതത്തെ ജനപ്രീയമാക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

...........PM വോയ്സ്.........3

✪✪✪

ബഹിരാകാശ രംഗം സ്വകാര്യ മേഖലയ്ക്ക് തുറന്നുകൊടുത്തത് യുവാക്കളുടെ കഴിവ് വർദ്ധിപ്പിക്കാൻ സഹായിക്കുന്നുവെന്ന് നരേന്ദ്രമോദി അഭിപ്രായപ്പെട്ടു.

വിക്രം-1 ന്റെ വിജയകരമായ വിക്ഷേപണം ഓരോ പൗരനെയും അഭിമാന പുളകിതനാക്കിയെന്നും പ്രധാനമന്ത്രി അറിയിച്ചു. രാജ്യത്തിന്റെ യുവ ശക്തിയിൽ അഭിമാനമുണ്ടെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

കശ്മീരിൽ പുല്ലും വൈക്കോലും ഉപയോഗിച്ച് നിർമ്മിക്കുന്ന 'വഗു' എന്ന പായയുടെ ഉപയോഗവും പ്രചാരണവും വർദ്ധിപ്പിക്കാൻ പ്രധാനമന്ത്രി നിർദേശിച്ചു.

'ഏക് പേഡ് മാ കെ നാം' ക്യാമ്പയിന്റെ ഭാഗമായി അമ്മയുടെ പേരിൽ ഒരോരുത്തരും ഓരോ മരം നട്ടുപിടിപ്പിക്കണമെന്നും മൻ കി ബാതിൽ പ്രധാനമന്ത്രി നിർദേശിച്ചു.

ഗണേശോത്സവ കാലത്ത് പ്ലാസ്റ്റർ ഓഫ് പാരീസ് ഉപയോഗിച്ച് നിർമ്മിക്കുന്ന വിഗ്രഹങ്ങൾക്ക് പകരം മണ്ണിൽ നിർമ്മിച്ച ഗണേശനെ ഉപയോഗിക്കണമെന്നും ഇത് പ്രകൃതിയോട് ആരാധനാ മനോഭാവം വർദ്ധിപ്പിക്കുമെന്നും നരേന്ദ്രമോദി പറഞ്ഞു.

അടുത്ത മാസം ഏഴിന് രാജ്യം ദേശീയ കൈത്തറി ദിനം ആഘോഷിക്കുമ്പോൾ നെയ്ത്തുകാരായ സുഹൃത്തുക്കളെ ആദരിക്കണമെന്ന് നരേന്ദ്രമോദി അഭ്യർത്ഥിച്ചു. രാജ്യത്തെ ഖാദി വസ്ത്രങ്ങളുടെ വില്പന ആറു മടങ്ങ് വർദ്ധിച്ചതായും പ്രധാനമന്ത്രി പറഞ്ഞു. വില്പന എണ്ണായിരം കോടിയോട് അടുത്തെത്തിയെന്നും അദ്ദേഹം പറഞ്ഞു.

പരമ്പരാഗത സംഗീത ഉപകരണങ്ങളെക്കുറിച്ച് സാമൂഹിക മാധ്യമങ്ങളിൽ അഭിപ്രായങ്ങൾ പങ്കുവെക്കണമെന്നും നരേന്ദ്രമോദി നിർദേശിച്ചു.

നാളെ, ഭാരതരത്ന ഡോ. APJ അബ്ദുൾ കലാമിന്റെ ചരമ വാർഷികമാണെന്നും, ഡോ.കലാമിനോട് ആദരസൂചകമായി ഈ ആഴ്ച 'ഗുരു പൂർണിമ' പുണ്യോത്സവം ആഘോഷിക്കുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

രാജ്യത്തിന്റെ സ്വാതന്ത്ര്യ ദിനത്തിൽ ത്രിവർണ്ണ പതാകയുടെ ആഘോഷം എല്ലാ വീട്ടിലും തെരുവുകളിലും ദൃശ്യമാകണമെന്നും പതാക പൂർണ ബഹുമാനത്തോടെ ഉയർത്തണമെന്നും മൻ കി ബാതിൽ പ്രധാനമന്ത്രി നിർദേശിച്ചു.

✪✪✪

കാർഗിൽ യുദ്ധത്തിൽ വീരമൃത്യു വരിച്ച ധീരസൈനികർക്ക് രാഷ്ട്രപതി ദ്രൗപദി മുർമുവും, ഉപരാഷ്ട്രപതി CP രാധാകൃഷ്ണനനും പ്രണാമമർപ്പിച്ചു.

സൈനികരുടെ അസാധ്യ വീര്യവും അചഞ്ചല നിശ്ചയദാർഢ്യവും പരമോന്നത രാജ്യസ്നേഹവും സായുധ സേനയുടെ മികച്ച പാരമ്പര്യത്തെയാണ് കാണിക്കുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

കാർഗിൽ യുദ്ധത്തെ ചരിത്രവിജയത്തിലേക്ക് നയിച്ച സൈനികരുടെ അസാമാന്യ ധീരതയ്ക്കും ത്യാഗത്തിനും മുന്നിൽ രാജ്യം ആദരവോടെ തലകുനിക്കുന്നുവെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ പറഞ്ഞു.

ദ്രാസ്സിലെ കാർഗിൽ യുദ്ധ സ്മാരകത്തിലെ പ്രധാന ചടങ്ങിൽ രാജ്നാഥ് സിംഗ് മുഖ്യാതിഥിയായി പങ്കെടുത്തു. വീരമൃത്യു വരിച്ച സൈനികരുടെ സ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു. വീരനാരിമാരും വീരമാതാക്കളുമായി സംവദിച്ച കേന്ദ്രമന്ത്രി 'വെർച്വൽ വാക്ക്-ത്രൂ പോർട്ടലും ഉദ്ഘാടനം ചെയ്തു.

✪✪✪

'വികസിത് വൈബ്രന്റ് വില്ലേജ് പരിപാടിയിൽ പങ്കെടുക്കുന്ന യുവജനങ്ങളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി വൈകിട്ട് വീഡിയോ കോൺഫറൻസിംഗിലൂടെ സംവദിക്കും. എല്ലാ സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും പ്രതിനിധീകരിച്ച 400-ലധികം യുവാക്കളുമായാണ് പ്രധാനമന്ത്രി സംവദിക്കുക. മൂന്ന് ലക്ഷത്തിലധികം യുവാക്കളുടെ പങ്കാളിത്തത്തോടെ രാജ്യവ്യാപകമായി നടത്തിയ ഓൺലൈൻ ക്വിസ് മത്സരത്തിലൂടെയാണ് യുവാക്കളെ തെരഞ്ഞെടുത്തത്.

രാജ്യത്തിന്റെ അതിർത്തി ഗ്രാമങ്ങളെ ഇന്ത്യയുടെ 'പ്രഥമ ഗ്രാമങ്ങളായി' പരിഗണിക്കാനും, വികസിത ഭാരതമെന്ന ലക്ഷ്യത്തിലേക്ക് യാത്രയിൽ അവരെ പങ്കാളികളാക്കാനും ലക്ഷ്യത്തോടെ 'മൈ ഭാരത്' ആണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

2026 ലെ പൊതു പരീക്ഷാ അന്യായ മാർഗ്ഗങ്ങൾ തടയൽ ഭേദഗതി ബിൽ ഗവൺമെന്റ് നാളെ ലോക്സഭയിൽ അവതരിപ്പിക്കും. കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്രസിംഗാണ് ബിൽ അവതരിപ്പിക്കുക. 2024 ലെ നിയമം ഭേദഗതി ചെയ്യുന്നതിനാണ് ബിൽ ലക്ഷ്യമിടുന്നത്. പരീക്ഷാ ചോദ്യപ്പേപ്പർ ചോർച്ച, പരീക്ഷാ ക്രമക്കേടുകൾ എന്നിവയിൽ കർശനമായ ശിക്ഷ ഉറപ്പാക്കാനും അതിവേഗ കോടതികൾ സ്ഥാപിക്കാനും കരട് ബില്ലിന് വെള്ളിയാഴ്ച കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയിരുന്നു.

✪✪✪

പ്രിയദർശിനി ബസിൽ കയറുന്ന പുരുഷൻമാർക്ക് സൗജന്യ ടിക്കറ്റ് കൊടുത്താൽ KSRTC ജീവനക്കാർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് മന്ത്രി CP ജോൺ കണ്ണൂരിൽ പറഞ്ഞു. പ്രിയദർശിനി സൗജന്യ യാത്ര പദ്ധതി KSRTC യുടെ പദ്ധതിയല്ല, ഗവൺമെന്റിന്റെ സ്ത്രീ ശാക്തീകരണ പദ്ധതിയാണെന്നും അദ്ദേഹം മാധ്യമങ്ങളോട്  പറഞ്ഞു. ഉത്സവകാലങ്ങളിൽ KSRTC സ്വകാര്യ വ്യക്തികളിൽ നിന്നും ബസുകൾ വാടകയ്ക്കെടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും CP ജോൺ  അറിയിച്ചു.

✪✪✪

പുതിയ ഗവൺമെന്റിനെതിരെ ഒരു ആരോപണവും ഉന്നയിക്കാനില്ലാത്തതിനാൽ, വഖഫ് ബോർഡ് PM ശ്രീ വിഷയങ്ങൾ പ്രതിപക്ഷം ആയുധമാക്കുകയാണെന്ന് മന്ത്രി PK കുഞ്ഞാലിക്കുട്ടി പറഞ്ഞു. ഇരു വിഷയങ്ങളിലും നടപടി തുടങ്ങിയത് ഇപ്പോഴത്തെ പ്രതിപക്ഷം ഭരിക്കുമ്പോൾ ആണെന്നും കുഞ്ഞാലിക്കുട്ടി കുറ്റപ്പെടുത്തി.

✪✪✪

വാഗമണ്ണിലെ കയ്യേറ്റം ഗവൺമെന്റിന്റെ  ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ഒഴിപ്പിച്ചിട്ടുണ്ടെന്ന് മന്ത്രി AP അനിൽകുമാർ പറഞ്ഞു. ഒഴിപ്പിക്കലിനെതിരെ ആരും രംഗത്തു വന്നില്ലെന്നും കയ്യേറ്റക്കാർ ആരാണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും അന്വേഷണം തുടരുകയാണെന്നും മന്ത്രി മലപ്പുറത്ത് വ്യക്തമാക്കി.

✪✪✪

കോഴിക്കോട് കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ആയിഷ ചേലപ്പുറത്ത് വാഹനാപകടത്തിൽ മരിച്ചു. ഇന്നലെ രാത്രി ചെറുവാടിയിലുണ്ടായ  സ്കൂട്ടർ അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലിരിക്കെയാണ് മരണം.

✪✪✪

മലപ്പുറം കുറ്റിപ്പുറത്ത് കോഴിക്കോട്-തൃശൂർ റോഡിൽ ഓടുന്ന സ്വകാര്യ ബസ് തലകീഴായി മറിഞ്ഞ് ഒരാൾ മരിച്ചതായി റിപ്പോർട്ട്. മരിച്ചയാളെ തിരിച്ചറിഞ്ഞിട്ടില്ല. നിരവധി പേർക്ക് പരിക്കേറ്റിട്ടുണ്ട്. രാവിലെ 11-ഓടെയായിരുന്നു അപകടം. അമിത വേഗമാണ് അപകടകാരണം എന്നാണ് സൂചന.

✪✪✪

വേൾഡ് ജൂനിയർ സ്ക്വാഷ് ചാമ്പ്യൻഷിപ്പ് കിരീടം നേടിയ ആദ്യ ഇന്ത്യക്കാരി അനാഹത് സിംഗിനെ കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ അഭിനന്ദിച്ചു. അനാഹതിന്റെ വിജയം അവിശ്വസനീയമായ നേട്ടമാണെന്നും ഓരോ ഇന്ത്യക്കാരനും അഭിമാനിക്കാവുന്ന നിമിഷമാണെന്നും മൻസുഖ് മാണ്ഡവ്യ പറഞ്ഞു.

✪✪✪

*News Editor വി കെ സുരേഷ്*
*News Reader: അൻഷ കരീം*
*News Team: അനഘ, രജിന കെ*
*DEO : സി കെ സുബോധ്*